**GOVERNMENT OF KERALA**
**Office of the Commissioner for Entrance Examinations**
**7th Floor, KSRTC Bus Terminal Complex, Thampanoor,**
**Thiruvananthapuram-695 001.**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

# NOTIFICATION

## ADMISSION TO B.PHARM (LATERAL ENTRY) COURSE - 2024
## APPLICATION INVITED

Applications are invited from eligible candidates for the Entrance Examination for admission to B. Pharm Course [through Lateral Entry] for the year, 2024 in the Government and Private-Self Financing Pharmacy Colleges, in the state of Kerala.

## Eligibility for Admission

**i. Nativity:** The applicant should be an Indian citizen of Kerala origin.

**ii. Academic qualifications**:

a. Candidates should have studied Diploma in Pharmacy (Under Education Regulations 1991 of the Pharmacy Council of India) in an institution approved by the Pharmacy Council of India and passed the Diploma in Pharmacy examination conducted by the Kerala State Board of D. Pharm Examinations or equivalent with a minimum of 50% marks in the final year examinations.

b. Candidates should have obtained registration with the State Pharmacy

Council and the registration Certificate is to be produced at the time of Counseling.

OR

Candidates should have applied for registration with State Pharmacy Council and the proof thereof is to be produced at the time of counseling.

**iii.Age:** There is no upper age limit for admission to the course.

## Entrance Examination

Selection of candidates for B.Pharm (Lateral Entry) course 2024 will be made on the basis of a Computer Based Test to be conducted by the Commissioner for Entrance Examinations at various centres in Kerala**.** The date of the entrance examination will be notified later. It will consist of one Paper of one and half hrs (90 minutes) duration and have 120 Questions. The scheme of the Computer Based Test, syllabus and the instructions to the candidates are available in Clause 8 of the Prospectus for Admission to B.Pharm (Lateral Entry) course 2024 approved by the Government of Kerala.

## Submission of Online Applications

All eligible candidates seeking admission to B.Pharm (Lateral Entry) Course 2024 can apply through the online application portal provided on the website **www.cee.kerala.gov.in** of the Commissioner for Entrance Examinations, from **11.12.2024 to 16.12.2024, 5.00 PM**. Applicants have to remit the application fee by way of online payment. After remitting the required application fee, recent photograph and signature of the candidate are to be uploaded. Thereafter, all the necessary certificates/documents should be uploaded. After completing the uploading of all necessary

certificates/documents, candidates can take printout of the Application Acknowledgment page. A copy of the Acknowledgement page has to be kept by the candidate for future reference. ***Do not send printout of the* Acknowledgement *page or any documents to the Commissioner for Entrance Examinations.***

## Application Fee

Application Fee for General Candidates is **Rs.800/-** (Rupees Eight hundred only) and for SC candidates is **Rs.400/-** (Rupees Four hundred only). ST Candidates are exempted from the payment of application fee. The application fee once remitted will not be refunded.

## Last date and time for online submission of application

All candidates seeking admission to the course should submit the the application online and upload Certificates/Documents mentioned in clauses 7.3.5 and 7.3.6 of the prospectus before 5:**00 PM of 16.12.2024.** Defective and incomplete applications will be summarily rejected. No correspondence will be undertaken in this regard. Candidates will be allowed, neither to include any information in the application nor to submit any certificates/documents claiming reservation or any benefits, after the submission of the application.

## Admit Cards

Admit cards for the candidates whose applications have been accepted will be provided in the official website of the Commissioner for Entrance Examinations, **www.cee.kerala.gov.in** prior to the Computer Based Test. The date of availability of admit card will be intimated through the website of Commissioner for Entrance Examinations in due course.

## Rank List

The CEE will conduct the Entrance Examination and publish the Rank list of candidates as per the provisions in clause 10 of the Prospectus for Admission to the B.Pharm (Lateral Entry) Course 2024 approved by the Government of Kerala.

Before filling out the online application forms, candidates should read the prospectus for admission to the B.Pharm (Later Entry) Course 2024 which is available on the official website of the Commissioner for Entrance Examinations, **www.cee.kerala.gov.in**.

## General Instructions

Candidates are advised to go through the various provisions of the Prospectus for admission to B.Pharm (Lateral Entry) course 2024, available on the official website of the Commissioner for Entrance Examinations, www.cee.kerala.gov.in, before filling up the online application. Candidates should also frequently visit the website for authentic information with regard to application/allotments/admissions and related matters. No communication will be sent by post or any other mode in connection with the B.Pharm (Lateral Entry) allotment and related matters. The Commissioner for Entrance Examinations will not be responsible for the consequences resulting due to non- diligent, non follow-up of notifications and publications appearing on the official website regarding the admissions to B.Pharm (Lateral Entry) courses 2024.

**Helpline number: 0471- 2525300**

Signed by
Sudhir K
Date: 11-12-2024 20:52:16

**Commissioner for Entrance Examinations**

Thiruvananthapuram
11-12-2024

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
Email: ceekinfo.cee@kerala.gov.in
Phone : 0471 2525300

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശനം 2024 അപേക്ഷകൾ ക്ഷണിക്കുന്നു.

കേരളത്തിലെ വിവിധ സർക്കാർ/സ്വകാര്യ ഫാർമസി കോളേജുകളിലെ 2024-25 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

### പ്രവേശനത്തിനു വേണ്ട യോഗ്യതകൾ

i. **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം
ii. **വിദ്യാഭ്യാസ യോഗ്യത:**

a. അപേക്ഷകർ ഡിപ്ലോമ ഇൻ ഫാർമസി വിജയിച്ചവരാകണം. (ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ എഡ്യൂക്കേഷണൽ റെഗുലേഷൻസ് 1991 പ്രകാരമുള്ളത്). ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനത്തിൽ പഠിച്ചു കേരള സ്റ്റേറ്റ് ബോർഡ് ഓഫ് ഡി ഫാം എക്സാമിനേഷസ് അല്ലെങ്കിൽ തത്തുല്യമായ ഡിപ്ലോമ ഇൻ ഫാർമസി പരീക്ഷ പാസാകുകയും അവസാന വർഷ പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് നേടുകയും ചെയ്തിരിക്കണം.
b. അപേക്ഷകർ ഫാർമസി കൗൺസിലിൽ രജിസ്ട്രേഷൻ നടത്തേണ്ടതും കൗൺസിലിംഗ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

അല്ലെങ്കിൽ

അപേക്ഷകർ സംസ്ഥാന ഫാർമസി കൗൺസിലിൽ രജിസ്ട്രേഷന് വേണ്ടി അപേക്ഷിച്ചിരിക്കണം. ആയതിന്റെ തെളിവ് കൗൺസിലിംഗ്

സമയത്ത് ഹാജരാക്കേണ്ടതാണ്.

iii. **വയസ്സ്:** പ്രവേശനത്തിന് ഉയർന്ന പ്രായ പരിധിയില്ല.

**<u>പ്രവേശന പരീക്ഷ</u>**

ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടേണ്ടതാണ്. പരീക്ഷയുടെ തീയതി പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. പ്രവേശന പരീക്ഷയുടെ സ്കീം, സിലബസ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 8 ൽ ലഭ്യമാണ്.

**<u>ഓൺലൈൻ അപേക്ഷ സമർപ്പണം</u>**

**11.12.2024** മുതൽ **16.12.2024, 5.00 PM** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ബിഫാം (ലാറ്ററൽ എൻട്രി) കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായി അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റുകളുടെ കോപ്പി (ബാധകമായത്) എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്തതിന് ശേഷം അപേക്ഷകർ **Application Acknowledgement Page** ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. **Application Acknowledgement Page**/ സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകളുടെ പകർപ്പ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**<u>അപേക്ഷാ ഫീസ്:</u>**

ജനറൽ വിഭാഗക്കാർ **₹800** രൂപയും, എസ്.സി വിഭാഗക്കാർ **₹400** രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ അപേക്ഷാഫീസ് തിരികെ നൽകുന്നതല്ല.

**<u>ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും</u>**

ബി.ഫാം (ലാറ്ററൽ എൻട്രി)-**2024** കോഴ്സിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ **16.12.2024,** വൈകുന്നേരം **5.00** മണിക്ക് മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതും പ്രോസ്പെക്ടസ് ക്ലോസ് **7.3.5 & 7.3.6** ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ അക്നോളജ്മെന്റ് പേജിന്റെയും അപ്ലോഡ് ചെയ്ത രേഖകളുടേയും പ്രിന്റൗട്ടിന്റെ

കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയയ്ക്കേണ്ടതില്ല. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ പിന്നീട് പുതുതായി അപേക്ഷയിൽ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

**അഡ്മിറ്റ് കാർഡ്**

പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിറ്റ് കാർഡ് ലഭ്യമാകുന്ന തീയതി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് മുഖേന അറിയിക്കുന്നതായിരിക്കും.

**റാങ്ക് ലിസ്റ്റ്**

സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ ക്ലോസ് **10** ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ബി.ഫാം (ലാറ്ററൽ എൻട്രി) **2024** കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്നതാണ്.

**പൊതു മാർഗനിർദേശങ്ങൾ**

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ ബി.ഫാം (ലാറ്ററൽ എൻട്രി)-**2024** പ്രോസ്പെക്ടസ് വായിച്ച് മനസ്സിലാക്കേണ്ടതാണ്. പ്രവേശന പരീക്ഷ, അലോട്ട്മെന്റ് തുടങ്ങിയവയെ സംബന്ധിച്ചുള്ള തത്സ്ഥിതി വിവരങ്ങൾ അറിയുന്നതിന് അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്. ബി.ഫാം (ലാറ്ററൽ എൻട്രി) അലോട്ട്മെൻ്റും അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ട് തപാൽ മുഖേനയോ മറ്റേതെങ്കിലും വഴിയോ ആശയവിനിമയം നടത്തുന്നതല്ല. **2024**-ലെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് ഔദ്യോഗിക വെബ്സൈറ്റിൽ നൽകുന്ന അറിയിപ്പുകളും വിജ്ഞാപനങ്ങളും ശ്രദ്ധിക്കാത്തത് മൂലമുണ്ടാകുന്ന അനന്തരഫലങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**11-12-2024**